# മെഡിക്കൽ ബിരുദ, ബിരുദാനന്തര സീറ്റുകൾ തുല്യമാക്കാൻ ആവശ്യപ്പെട്ട് സേവ് ദി ഡോക്ടർ

കൊച്ചി: രാജ്യത്തെ മെഡിക്കൽ ബിരുദ, ബിരുദാനന്തര സീറ്റുകൾ തുല്യമാക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ എം എ), അസോസിയേഷൻ ഓഫ് ഹെൽത്ത്കെയർ പ്രൊവൈഡേഴ്സ് ഇന്ത്യ (എ എച്ച് പി ഐ) എന്നി സംഘടനകളും മെഡിക്കൽ വിദ്യാർത്ഥികളുടെ പ്രതിനിധികളും ചേർന്ന് സേവ് ദി ഡോക്ടർ എന്ന ദേശീയ പ്രസ്ഥാനത്തിന് തുടക്കമിട്ടു.

ബിരുദാനന്തര സീറ്റുകൾ ബിരുദ സീറ്റുകൾക്കൊപ്പമാക്കുന്നതിനായി നയരൂപീകരണകർത്താക്കളിലും മെഡിക്കൽ സ്ഥാപനങ്ങളിലും സ്വാധീനം ചെലുത്തുകയാണ് പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഗ്രാമീണ സേവനത്തെ ഇന്റേൺഷിപ്പിന്റെയും പോസ്റ്റ് ഗ്രാജ്വേറ്റ് ട്രെയിനിങ്ങിന്റെയും ഭാഗമാക്കണമെന്നും പ്രസ്ഥാനം ആവശ്യപ്പെടുന്നു. രാജ്യത്തെ രണ്ടുമുതൽ മൂന്നുലക്ഷം വരെയുള്ള മെഡിക്കൽ വിദ്യാർത്ഥികൾ പ്രസ്ഥാനത്തിന് പിന്തുണയേകുമെന്നാണ് പ്രതീക്ഷ. മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പി ജി സീറ്റുകളുടെ കുറവുകാരണം ഇന്ത്യയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർക്ക് വൻക്ഷാമമാണ് അനുഭവപ്പെടുന്നത്. ഇതിങ്ങനെ തുടർന്നാൽ ഭാവിയിൽ ആരോഗ്യസംരക്ഷണ മേഖല വലിയ പ്രതിസന്ധിയിലാകുമെന്ന് എ എച്ച് പി ഐ ട്രഷറർ ഡോ. ദേവി ഷെട്ടി ചൂണ്ടിക്കാട്ടി.

ഇന്ത്യയിൽ ഇപ്പോൾ 45,600 മെഡിക്കൽ ബിരുദ സീറ്റുകളാണുള്ളത്. വൈകാതെ അത് 50,000 ആകും.എന്നാൽ പി ജി സീറ്റുകളാകട്ടെ 12,000 മാത്രമാണ്. ഇതിലേക്ക് കഴിഞ്ഞവർഷം 1,10,000 ഡോക്ടർമാരാണ് പ്രവേശന പരീക്ഷയെഴുതിയത്. പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ ഇത് ചൂണ്ടിക്കാണിക്കുന്നതായി സേവ് ദി ഡോക്ടർ കാംപെയ്ന്റെ കോ ഓഡിനേറ്റർ ഡോ. നവനീത് മോട്രെജ പറഞ്ഞു. ഓരോ പി ജി വിദ്യാർത്ഥിയും കോഴ്സിന്റെ ഭാഗമായി ആറുമാസത്തെ ഗ്രാമീണ സേവനം നടത്തുന്നത് നിർബന്ധിതമാക്കണമെന്ന് ഐ എം എ സെക്രട്ടറി ജനറൽ ഡോ. നരേന്ദ്ര സൈനി ആവശ്യപ്പെട്ടു. ഒരു ഡോക്ടർക്ക് തങ്ങളുടെ ഔദ്യോഗിക ജീവിതകാലത്ത് നാലോ അഞ്ചോ പ്രൊമോഷനുകൾ ലഭിക്കും. ഇവയിൽ ഓരോ പ്രൊമോഷനും ഒരുവർഷത്തെ ഗ്രാമീണ സേവനം നിർബന്ധമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.